**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 67</u> — <u>05.03.2012 ൽ മറുപടിക്ക്</u>

<u>തീരക്കടലിലെ വെടിവെയ്പ്</u>

| ചോദ്യം<br>ശ്രീ. ബാബു. എം. പാലിശ്ശേരി | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
|---|---|---|
| (എ) കേരള തീരക്കടലിൽ 2 മത്സ്യത്തൊഴിലാളികളെ യാതൊരു പ്രകോപനവും ഇല്ലാതെ വെടിവച്ചുകൊന്ന കേസ്സിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;<br>(ബി) എങ്കിൽ എത്രപേരെ; എപ്രകാരമുള്ള കുറ്റം ആണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത്; | (എ) യും (ബി) യും | സംഭവവുമായി ബന്ധപ്പെട്ട് ഇന്ത്യൻ ശിക്ഷാനിയമം 302-ാം വകുപ്പുപ്രകാരം ക്രൈംനമ്പർ 2/2012 ആയി നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇറ്റാലിയൻ കപ്പലിന്റെ സുരക്ഷാചുമതല നിർവ്വഹിച്ചിരുന്നവരും വെടിവെപ്പ് നടത്തിയവരെന്ന് സംശയിക്കുന്നവരുമായ Latorre, Salvato Jerone എന്നീ ഇറ്റാലിയൻ നേവി ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) പ്രതികൾ ഇറ്റാലിയൻ കപ്പലിലെ ജീവനക്കാരായതുകൊണ്ടാണ് അറസ്റ്റിന് കാലതാമസം നേരിട്ടത് എന്ന ആക്ഷേപം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രതികൾ കൺമുന്നിൽ ഉണ്ടായിട്ടും അറസ്റ്റ് രേഖപ്പെടുത്താൻ 4 ദിവസം വൈകിയത് എന്തുകൊണ്ടാണ്;<br>(ഡി) വിശദാംശം വ്യക്തമാക്കുമോ? | (സി) യും (ഡി) യും | ഇത്തരം സംഭവം തികച്ചും ആകസ്മികവും അഭൂതപൂർവവുമായതിനാലും, കീഴ്വഴക്കമില്ലാത്ത ഒരു സംഭവമായതിനാലും, അന്താരാഷ്ട്ര നയതന്ത്രബന്ധങ്ങൾക്ക് കോട്ടം തട്ടാത്ത രീതിയിൽ സംഭവം അതീവജാഗ്രതയോടെയും നടപടിക്രമങ്ങൾ പാലിച്ചും കൈകാര്യം ചെയ്യേണ്ടിവന്നതിനാലുമാണ് കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ